റേഞ്ചിലെ ചെംബനരുവി, അച്ചൻകോവിൽ, അലിക്കുന്ന്, ഇടമൺ, കുറവൂർ ആനപ്പെട്ട കൊങ്കൻ എന്നീ കേന്ദ്രങ്ങളിൽ ശക്തമായ റെയിഡുകൾ നടത്തിയിട്ടുണ്ട്.

(സി) കുപ്പണ മദ്യദുരന്തത്തിലെ പ്രധാന പ്രതിയായ തമ്പിയെ എക്സൈസ് വകുപ്പ് അറസ്റ്റ് ചെയ്തിട്ടുണ്ട്. കല്ലുവാതിക്കൽ മദ്യദുരന്തത്തിന്റെ പ്രതികളെ അറസ്റ്റു ചെയ്തത് പോലീസാണ് കുറവൂരിൽ മദ്യദുരന്തം ഉണ്ടായിട്ടില്ല.

കാഞ്ഞങ്ങാട് പുഞ്ചാവി കടപ്പുറത്ത് ഉണ്ടായ മദ്യദുരന്തം

46 (1100) ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ കാഞ്ഞങ്ങാട് പുഞ്ചാവി കടപ്പുറത്ത് ഈയിടെയുണ്ടായ മദ്യ ദുരന്തത്തിൽ ആകെ എത്ര പേർ മരിച്ചു ; എത്ര പേർക്ക് അംഗവൈകല്യം സംഭവിച്ചു ;

(ബി) പ്രസ്തുത മദ്യ ദുരന്തത്തിൽ മരിച്ചവരുടെയും കാഴ്ച നഷ്ടപ്പെട്ടവരുടെയും കുടുംബാംഗങ്ങൾക്ക് സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എത്രയാണ് ഇല്ലെങ്കിൽ പ്രസ്തുത സഹായം അനുവദിക്കുമോ ;

(ഡി) പ്രസ്തുത കേസിൽ ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ ;

(ഇ) ഇത്തരം പ്രശ്നങ്ങളിൽ അനാസ്ഥ കാണിക്കുന്ന എക്സൈസ് ഉദ്യോഗസ്ഥന്മാർക്കെതിരെ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പുഞ്ചാവി കടപ്പുറത്തു കണ്ട ഉദ്ദേശം 200 ലിറ്റർ കൊള്ളുന്ന പഴകിയ ഇരുമ്പ് ഡ്രമ്മിൽ ഉണ്ടായിരുന്ന ദ്രാവകം കഴിച്ച് രണ്ടു പേർ മരിച്ചിട്ടുണ്ട്. ആർക്കും അംഗവൈകല്യം സംഭവിച്ചതായി റിപ്പോർട്ടില്ല.

(ബി & സി) മരിച്ച ശശിയുടെ കുടുംബത്തിന് 500 രൂപ അടിയന്തിര സഹായം അനുവദിച്ചിട്ടുണ്ട്.

(ഡി) ഇതുമായി ബന്ധപ്പെട്ട് ഹോസ്ദുർഗ്ഗ് പോലീസ് അച്ചു മകൻ ബസ്തേരിക്കൽ ചന്ദ്രൻ, ഭാസ്ക്കരൻ മകൻ സുരേഷ് ബി. എന്നിവരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇക്കാര്യം അന്വേഷണത്തിലാണ് അനാസ്ഥ ഉണ്ടെന്നു കണ്ടെത്തിയാൽ നടപടി സ്വീകരിക്കുന്നതാണ്.

കുറഞ്ഞങ്ങാട്ടും കറവൂരും ഉണ്ടായ മദ്യദുരന്തം

47 (1101) ശ്രീ. കെ. ബാബു :
ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :
ശ്രീ. എം. മുരളി :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുറഞ്ഞങ്ങാട്ടും കറവൂരും മദ്യദുരന്തമുണ്ടായത് സംബന്ധിച്ച് കേസെടുത്തിട്ടുണ്ടോ ;

(ബി) എക്സൈസ് ഉദ്യോഗസ്ഥന്മാരെ ഈ കേസിലെ പ്രതികളാക്കിയിട്ടുണ്ടോ ;

(സി) ഈ കേസ്സിലെ പ്രതികളുടെമേൽ കൊലക്കുറ്റത്തിന് കേസ് ചാർജ് ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേസെടുത്തിട്ടുണ്ട്.

(ബി) ഇല്ല.

(സി) കാസർകോട് ജില്ലയിലുണ്ടായ മദ്യ ദുരന്തത്തിൽ 304 ഐ.പി.സി. പ്രകാരം കുറ്റകരമായ നരഹത്യയ്ക്ക് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

ലേലത്തിൽ പോകാത്ത കള്ളുഷാപ്പുകൾ ലേലം ചെയ്യുവാൻ നടപടി

48 (1102) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഈ വർഷത്തെ എക്സൈസ് ലേലത്തിൽ ഇതുവരെ എത്ര കള്ളുഷാപ്പുകൾ ലേലത്തിൽ പോയിട്ടുണ്ട് ;

(ബി) ഇനി എത്രയെണ്ണം ലേലം ചെയ്തു നൽകാനുണ്ട് ;

(സി) ഈ വർഷത്തെ ലേലത്തിന്റെ ആകെ വരുമാനം എത്ര ;

(ഡി) ഇതു കഴിഞ്ഞ വർഷത്തെ വരുമാനത്തേക്കാൾ കൂടുതൽ ആണോ എങ്കിൽ എത്ര ശതമാനം വർദ്ധനവുണ്ടായി ;

LIBRARY ARCHIVES Kerala Legislative Assembly